വർഷത്തെ മരുന്നുപട്ടിക പുനഃപരിശോധിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 771 ഇനം മരുന്നുകളാക്കി നിജപ്പെടുത്തി.

2015-16 : നിലവിലുള്ള 771 ഇനം മരുന്നുകളുടെ പട്ടിക, ദേശീയ മരുന്ന് പട്ടികയ്ക്ക് അനുസരിച്ച് (National List of Essential Medicines-NLEM) പുതുക്കി നിർണ്ണയിച്ചു. അതനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ഓരോ മരുന്നുകളും വിശദമായി വിശകലനം ചെയ്യുകയുണ്ടായി.

1. പ്രസ്തുത ഇനത്തിന്റെ വാർഷിക ഇൻഡന്റ്
2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ
3. ദേശീയ അവശ്യമരുന്ന് പട്ടികയിലുള്ള (NLEM) പ്രസ്തുത മരുന്നിന്റെ സ്ഥാനം
4. മരുന്ന് പട്ടികയിൽ പ്രസ്തുത മരുന്നിന് പകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/മരുന്നിന്റെ സ്ട്രെങ്ത് ആദിയായവ
5. മരുന്നിന് വിതരണക്കാരെ ലഭിക്കാത്തത് അതിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച തെറ്റുകളാലാണോ തുടങ്ങിയവ
6. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള ജനറിക് മരുന്നനയം എന്നിവ.

അതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ മരുന്നും അനുബന്ധ ഉപകരണങ്ങളുടെയും അന്തിമ പട്ടിക 585 ആക്കി പുനർനിർണ്ണയിച്ചു.

(ബി) സംസ്ഥാനത്തെ മരുന്ന് സംഭരണം ദേശീയ അവശ്യമരുന്ന് പട്ടികയുടെ (NLEM) അടിസ്ഥാനത്തിൽ ഏകീകരിക്കുക എന്നതാണ് പ്രധാന നേട്ടമായി കരുതുന്നത്. മുൻവർഷത്തെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന മരുന്നുകളിൽ വ്യാപകമായി ഉപയോഗിക്കാത്തതും ഉപഭോഗം കുറഞ്ഞ മരുന്നുകൾ ഒഴിവാക്കുക, വാർഷിക ബഡ്ജറ്റിന് ആനുപാതികമായി മരുന്ന് സംഭരണം ക്രമീകരിക്കുക തുടങ്ങിയവയും നേട്ടങ്ങളാണ്.

വിവിധ തരത്തിലുള്ള പകർച്ചപ്പനി

26 (3457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള പകർച്ചപ്പനിയാണ് കണ്ടെത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ ഏതൊക്കെ തരത്തിലുള്ള പനി എത്ര പേർക്കാണ് ബാധിച്ചതെന്ന് എന്ന് ജില്ല തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) പകർച്ചപ്പനി ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വൈറൽപനി, ഡെങ്കിപ്പനി, എച്ച്.1 എൻ.1 എന്നിവ ചില സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എലിപ്പനിയും മലമ്പനിയും ഒറ്റപ്പെട്ട രീതിയിൽ താരതമ്യേന കുറഞ്ഞ തോതിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സ്ക്രബ്ടൈഫസ് അഥവാ ചെള്ളുപനി തിരുവനന്തപുരം ജില്ലയിൽനിന്നും കൂടുതൽ കേസുകളും മറ്റ് ജില്ലകളിൽ നിന്നും ഒറ്റപ്പെട്ട കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഞ്ഞപ്പിത്തം എ മലപ്പുറത്താണ് താരതമ്യേന കൂടുതൽ. കരങ്ങുപനി വയനാട് ജില്ലയിൽ പൊട്ടിപ്പുറപ്പെട്ടുവെങ്കിലും ഇപ്പോൾ നിയന്ത്രണ വിധേയമായി. കാലാ അസർ രോഗം തൃശ്ശൂരിൽ ഒരാൾക്കും മലപ്പുറത്ത് രണ്ടുപേർക്കും ടൈഫോയ്ഡ് പാലക്കാട്, മലപ്പുറം, കൊല്ലം, വയനാട്, കോഴിക്കോട് ജില്ലകളിലാണ് താരതമ്യേന കൂടുതലുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -I ൽ കാണാവുന്നതാണ്.*

(സി)ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II-ൽ കാണാവുന്നതാണ്.*

അമൃതം ആരോഗ്യം പദ്ധതി

27 (3458) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിതശൈലീരോഗങ്ങൾ നേരത്തെതന്നെ കണ്ടെത്തുന്നതിനും അവയ്ക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നതിനും ജീവിതശൈലീരോഗ ക്ലിനിക്കുകൾ സ്ഥാപിക്കു ന്നതിനും അമൃതം ആരോഗ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം ക്ലിനിക്കുകൾ എവിടെയെല്ലാമാണ് ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്കും ഏതെല്ലാം വിഭാഗക്കാർക്കുമാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly